**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.**2003**

13-06-2019 ൽ മറുപടിയ്ക്ക്

## അഗ്നിബാധ തടയുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.അബ്ദുറഹിമാൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) തിരുവനന്തപുരം, കോഴിക്കോട് ഉൾപ്പെടെയുള്ള പ്രധാന പട്ടണങ്ങളിൽ എല്ലാം അടുത്ത കാലത്തായി വൻ തീപിടുത്തങ്ങൾ കൂടിവരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) തീപിടുത്തങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| ബി) സംസ്ഥാനത്തെ പട്ടണങ്ങളിലുള്ള വ്യാപാര സ്ഥാപനങ്ങൾക്കും ഗോഡൗണുകൾക്കും വൻ അഗ്നിബാധ ആവർത്തിക്കുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ അറിയിക്കുമോ; | ബി) പരിശോധിച്ചിട്ടുണ്ട്. ഷോർട്ട് സർക്യൂട്ട് മൂലവും, വ്യാപാര സ്ഥാപനങ്ങളിൽ അടുക്കും ചിട്ടയുമില്ലാതെ സാധന സാമഗ്രികൾ വാരിക്കൂട്ടിയിടുന്നതിനാലും പല വ്യാപാര സ്ഥാപനങ്ങളിലും അനധികൃതമായി ഗ്യാസ് ഉപയോഗിക്കുന്നത് കൊണ്ടും, പോർട്ടബിൾ ജനറേറ്ററുകൾ കടയ്ക്കുള്ളിൽ ഉപയോഗിക്കുന്നതിനാലും, മതിയായ സുരക്ഷാ ഉപകരണങ്ങൾ സജ്ജീകരിക്കാത്തതും, ഉള്ളവ പ്രവർത്തനരഹിതമായതും തുടങ്ങിയ കാരണങ്ങളാലും തീപിടുത്ത സാദ്ധ്യത കൂടിവരുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. |
| സി) മേൽ സൂചിപ്പിച്ച പ്രകാരമുള്ള അഗ്നിബാധ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | സി) & ഡി) വ്യാപാര സ്ഥാപനങ്ങളിലും കെട്ടിടങ്ങളിലും ഗോഡൗണുകളിലും അഗ്നിബാധ തടയുന്നതിന് മുൻകരുതലിനായി ഫയർ ഓഡിറ്റ് നടത്തി വരുന്നു. നിയമപരമായ അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഒരുക്കാത്ത സ്ഥാപനങ്ങളിൽ അവ സ്ഥാപിക്കുവാൻ നിർദ്ദേശം നൽകുകയും സ്ഥാപിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനായി |

| | | |
|---|---|---|
| ഡി) | ഇത്തരം അഗ്നിബാധ തടയുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും നിയമം കൂടുതൽ കർശനമാക്കി ആധുനിക സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയ്ക്കും വകുപ്പിൽ നിന്ന് കത്ത് നൽകിയിട്ടുണ്ട്. സ്ഥിരം അഗ്നിശമന സംവിധാനങ്ങൾ ഇല്ലാത്ത കെട്ടിടങ്ങളിൽ ആയത് ഉറപ്പ് വരുത്തുന്നതിനും, സ്ഥാപിച്ചിട്ടുള്ള കെട്ടിടങ്ങളിൽ ആയത് പരിപാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള അധികാരങ്ങൾ അഗ്നിരക്ഷാ വകുപ്പിന് ലഭിക്കുന്ന തരത്തിൽ കേരള ഫയർ ഫോഴ്സ് ആക്ട് നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ